"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ലയിലെ തഴക്കര ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ 22.02.2022 മുതൽ 31.03.2022 വരെ കുടിവെള്ള വിതരണത്തിന് സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചതിൽ അധികമായി ചിലവായ 4,58,592/- രൂപ, ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി സി) വകുപ്പ്**

സ.ഉ.(സാധാ) നം.1132/2025/LSGD തീയതി,തിരുവനന്തപുരം, 08-05-2025

---

പരാമർശം:-

1. 16.03.2022 ലെ സ.ഉ(സാധാ)652/2022/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്.
2. 07.07.2023, 03/08/2024 എന്നീ തീയതികളിലെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/39470/2023-DPLA3 നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ തഴക്കര ഗ്രാമപഞ്ചായത്തിൽ കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ 22.02.2022 മുതൽ 31.03.2022 വരെ ടാങ്കർ ലോറിയിൽ കുടിവെള്ളവിതരണം നടത്തിയതിന് ആകെ 10,08,592/- രൂപ ചെലവ് വന്നിട്ടുണ്ടെന്നും പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം 31.03.2022 വരെ കുടിവെള്ള വിതരണം ചെയ്ത വകയിൽ അനുവദനീയമായ തുകയായ 5,50,000/- രൂപ കരാറുകാരന് തനത് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ടെന്ന് തഴക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും 5,50,000/- രൂപയിൽ അധികമായി ചെലവായ 4,58,592/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി ലഭ്യമാകുന്നതിനായി ഭരണസമിതി തീരുമാനത്തിന്റെ പകർപ്പ്, കരാർ ഉടമ്പടിയുടെ പകർപ്പ്, കുടിവെള്ള വിതരണം നടത്തിയ വാഹനത്തിന്റെ ജി.പി.എസ് റിപ്പോർട്ടിന്റെ പകർപ്പ് എന്നിവ ലഭ്യമായിട്ടുണ്ടെന്നും തഴക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ അനുബന്ധരേഖകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവിൽ അധികമായി ചെലവായ 4,58,592/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള പ്രത്യേക അനുമതി ലഭ്യമാക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് മേൽ പരാമർശിച്ച അനുബന്ധരേഖകൾ സഹിതം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി തനത് പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിനു തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകി

പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൽ കുടിവെള്ള വിതരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത്/വികസനഫണ്ടിൽ നിന്നും തുക വിനിയോഗിക്കാവുന്നതാണെന്നും 31.03.2022 വരെ 5.50 ലക്ഷം രൂപയും 01.04.2022 മുതൽ 31.05.2022 വരെ 11.00 ലക്ഷം രൂപയും ചെലവഴിക്കാവുന്നതെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ആലപ്പുഴ ജില്ലയിലെ തഴക്കര ഗ്രാമപഞ്ചായത്തിൽ 22.02.2022 മുതൽ 31.03.2022 വരെയുള്ള കാലയളവിൽ കുടിവെള്ള വിതരണത്തിന് പരാമർശിത സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചതിൽ അധികമായി ചിലവായ 4,58,592/- രൂപ, ചെലവ് ആധികാരികത തഴക്കര ഗ്രാമപഞ്ചായത് സെക്രട്ടറി ഉറപ്പാക്കേണ്ടതാണെന്നനിബന്ധനയോടെയും പരാമർശിത സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും 4,58,592/- രൂപ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് തഴക്കര ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
ജോയിന്റ് സെക്രട്ടറി

പകർപ്പ്.-
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, തഴക്കര ഗ്രാമ പഞ്ചായത്ത് , ആലപ്പുഴ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Shaija R M
സെക്ഷൻ ഓഫീസർ
Date: 08-05-2025 15:19:49